**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 537**
**07.01.2014 - ലെ മറുപടിയ്ക്ക്**

## പങ്കാളിത്ത പെൻഷൻ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജി. സുധാകരൻ<br>,, രാജു എബ്രഹാം<br>,, കെ. ദാസൻ<br>,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |
| (എ) | പങ്കാളിത്ത പെൻഷൻ പദ്ധതി എന്ന് മുതലാണ് നടപ്പിലാക്കിയതെന്നും ഇതിന്റെ വിശദാംശം എന്താണെന്നും വ്യക്തമാക്കാമോ; | 01.01.2004 മുതൽ സർവ്വീസിൽ പ്രവേശിക്കുന്ന അഖിലേന്ത്യ സർവ്വീസ് ആഫീസർമാർക്ക് 25.07.2009-ലെ 303/09/ധന സർക്കാർ ഉത്തരവ് പ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതി ഏർപ്പെടുത്തുകയും അതിന്റെ വിശദാംശം 24.05.2010-ലെ 298/2010/ധന ഉത്തരവ് പ്രകാരം പുറപ്പെടുവിക്കയും ചെയ്തിട്ടുണ്ട്. 2013 ഏപ്രിൽ 01 മുതൽ സർക്കാർ ജോലിയിൽ പ്രവേശിക്കുന്നവർക്ക് 07.01.2013 ലെ സ.ഉ (പി) നം. 20/13/ധന പ്രകാരം ദേശീയ പെൻഷൻ പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ 19.12.2013 ലെ സർക്കുലർ നം. 103/2013.ധനം പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | ജീവനക്കാരുടെ വിഹിതവും സർക്കാർ വിഹിതവും പിരിച്ച് ട്രഷറിയിൽ നിക്ഷേപിക്കാനാണോ തീരുമാനിച്ചിരുന്നത്; വിശദമാക്കാമോ; | ദേശീയ പെൻഷൻ പദ്ധതിയിലെ പെൻഷൻ ഫണ്ടിലേയ്ക്ക് ഈടാക്കുന്ന തുക കേന്ദ്ര ധനകാര്യ മന്ത്രാലായത്തിൻെറ 14.08.2008 ലെ എഫ്.എൻ. 5 (88) . 2006 പി.ആർ. നം. വിജ്ഞാപനം പ്രകാരമുള്ള ഫണ്ടുകളിലാണ് നിക്ഷേപിക്കുന്നത് |
| (സി) | പ്രസ്തുത പദ്ധതി പ്രാവർത്തീകമാക്കിയിട്ടില്ലായെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ; | ദേശീയ പെൻഷൻ പദ്ധതിയിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പെൻഷൻ വിഹിതം കുറവ് ചെയ്യുന്നതിനും തത്തുല്യ സർക്കാർ |

| | | |
|---|---|---|
| | | വിഹിതത്തോടൊപ്പം ടി തുക നിക്ഷേപിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായാൽ മാത്രമേ നിക്ഷേപം ആരംഭിക്കുകയുള്ളു. ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയതുപോലെ സ്വകാര്യ ബാങ്കുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ പെൻഷൻ ഫണ്ടു വിഹിതം നിക്ഷേപിക്കണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; | ഇല്ല |
| (ഇ) | പ്രസ്തുത വിഷയത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ; | നിലവിൽ പി.എഫ്. ആർ. ഡി.എ. നിശ്ചയിക്കുന്ന ഫണ്ട് മാനേജർമാരിൽ പെൻഷൻ ഫണ്ടു വിഹിതം നിക്ഷേപിക്കാനാണ് തീരുമാനിച്ചിട്ടുള്ളത് . |
| (എഫ്) | പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്തിയതോടെ സർക്കാർ ജീവനക്കാരുടെ പി.എഫ്. വിഹിതം പിടിക്കുന്നതിൽ നിലവിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ? | പങ്കാളിത്ത പെൻഷനിൽ ഉൾപ്പെടുന്ന ജീവനക്കാരുടെ പി.എഫ്. വിഹിതം അടയ്ക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ് |

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**